# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1417

## 03.05.2017 ലെ മറുപടിക്ക്

## എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പദ്ധതികളുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ് | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന പദ്ധതി, ഫ്ളഡ് റിലീഫ്, പ്രാദേശിക വികസന ഫണ്ട് തുടങ്ങിയവയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാൻ എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് നല്കുന്ന ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അതത് എം.എൽ.എ.മാർക്ക് ലഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നല്കുമോ; വ്യക്തമാക്കുമോ; | 27.05.2004-ലെ സ.ഉ. (അ) 247/2004/ധന. ഉത്തരവ് പ്രകാരം പ്രത്യേക വികസന നിധി മുഖേനയും, 11.06.2012-ലെ സ.ഉ.(അ) 332/2012/ധന. ഉത്തരവ് പ്രകാരം ആസ്തി വികസന നിധി മുഖേനയും എം.എൽ.എ. മാർ നിശ്ചയിക്കുന്ന പ്രവൃത്തികൾക്ക് നൽകുന്ന ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് എം.എൽ.എ. മാർക്ക് നൽകുവാൻ വ്യവസ്ഥയുണ്ട്. ഫ്ളഡ് റിലീഫ് സംബന്ധിച്ച എം.എൽ.എ. മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവ് ലഭിക്കുമ്പോൾ തന്നെ അതത് എം.എൽ.എ.യ്ക്ക് ഉത്തരവിന്റെ പകർപ്പ് അയച്ച് നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ട് അതത് ജില്ലാ വികസന സമിതികളിൽ ലഭ്യമാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ; വ്യക്തമാക്കുമോ ; | 21.06.2012-ലെ സർക്കുലർ നം. 40/2012/ധന. പ്രകാരം പ്രത്യേക വികസന നിധി മുഖേനയും 01.09.2015-ലെ സ.ഉ.(സാധാ) 7791/2015/ധന. ഉത്തരവ് പ്രകാരം ആസ്തി വികസന നിധി മുഖേനയും നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ പുരോഗതി പ്രതിമാസ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ) വകുപ്പിന് സമർപ്പിക്കാൻ വ്യവസ്ഥയുണ്ട്. |
| (സി) | ഉത്തരവുകളുടേയും പ്രോഗ്രസ് റിപ്പോർട്ടിന്റെയും പകർപ്പുകൾ അതത് എം.എൽ.എ.മാരുടെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിലും എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ